## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 657** **29.01.2019 -ൽ മറുപടിയ്ക്ക്**

### മലബാർ മേഖലയിലെ വിനോദസഞ്ചാരം

ചോദ്യം മറുപടി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.സി.മമ്മൂട്ടി

,, ടി. വി. ഇബ്രാഹിം

,, എൻ. ഷംസുദ്ദീൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മലബാർ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; | എ) | മലബാർ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതിയായി 53.08 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട്, ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ തലശ്ശേരിയിലെ പൈതൃക ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോഴിക്കോട് , വയനാട് , കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം രംഗത്തെ ഇനങ്ങളായ കയാക്കിങ്ങ് ഫെസ്റ്റ്, മൗണ്ടൻ ബൈക്കിംഗ് ചലഞ്ച് തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തി വരുന്നുണ്ട്. |
| ബി) | ഈ മേഖലയിൽ ടൂറിസം രംഗത്തു പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) | വിവിധ വകുപ്പുകളേയും ടൂറിസം സംരംഭകരേയും മറ്റ് ടൂറിസം സന്നദ്ധ സംഘടനകളേയും ഏകോപിപ്പിച്ച് പ്രവർത്തിക്കുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു |
| സി) | മലബാറിലെ അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങൾ നാട്ടുകാർക്ക് പരിചയപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | സി) | ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നാടിനും നാട്ടുകാർക്കും ഗുണപ്രദമായ ടൂറിസം പദ്ധതികളും ടൂറിസം പാക്കേജുകളും (വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ളവ) നടപ്പിലാക്കികൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ